# KIDS CORNER

## സത്യസന്ധനായ ബാലൻ

**അ**ടിമക്കച്ചവടം നടന്നിരുന്ന കാലയളവിലാണ് അമ്നോൻ എന്ന ബാലൻ ജീവിച്ചിരുന്നത്. അമ്നോൻ, പേരുപോലെ തന്നെ അടിമ ആയിരുന്നു ഈ ബാലൻ. അഹ്സായി, സർവ്വവ്യാപിയും സർവ്വശക്തനുമായ ദൈവത്തെ ഭയപ്പെട്ടിരുന്നതിനാൽ അടിമക്കളെ ഒരിക്കലും വേദനിപ്പിക്കുകയോ, ഉപദ്രവിക്കുകയോ, ചെയ്തിരുന്നില്ല. എന്നുമാത്രമല്ല ആ ദൈവത്തെപറ്റി അവരോട് സംസാരിക്കുകയും ചെയ്യുമായിരുന്നു. തന്റെ ജോലികൾ തീർത്തതിനുശേഷം എത്രക്ഷീണിതനായാലും ദൈവത്തെ സ്തുതിക്കാതെ അവൻ കിടക്കുകയില്ല. അതുപോലെ തന്റെ ജോലിക്കായി പുറപ്പെടുന്നതിനു മുൻപും ദൈവത്തെ വണങ്ങിയിരുന്നു.




ഒരിക്കൽ സന്ധ്യാസമയത്ത് ആടുകളെ മേയിച്ച് മടങ്ങിയ ഈ ബാലന്റെ പ്രവർത്തികളെ വീക്ഷിച്ച് രണ്ട് കച്ചവടക്കാർ അവനെ അനുഗമിച്ചു. തങ്ങൾക്ക് പാകം ചെയ്യുവാൻ ഒരാട്ടിൻകുട്ടിയെ തന്നാൽ നല്ല വില തരാമെന്ന് അവർ അവനോട് പറയുകയുണ്ടായി. ഒന്നിനെയും വില്ക്കുവാൻ എനിക്കധികാരമില്ല നിങ്ങൾ യജമാനനോട് ചോദിക്കുന്നതാണ് നല്ലത് എന്ന് മറുപടി പറഞ്ഞ് അവൻ നടന്നു. നിന്റെ യജമാനൻ അറിയാതെ ഒരെണ്ണത്തിനെ തന്നിട്ട് അത് കുഴിയിൽ വീണെന്നോ, ചെന്നായോ സിംഹമോ പിടിച്ചുകൊണ്ടുപോയി എന്നോ നീ പറഞ്ഞാൽ ഈ തരുന്ന നാണയങ്ങൾ നിനക്കെടുക്കാം. ആരും അറിയുകയുമില്ല. അവർ ധൈര്യപ്പെടുത്തി. എന്നാൽ ഈ കപടനാടകം പാപമാണെന്നും, തന്റെ യജമാനനെ കബളിപ്പിച്ചാലും സർവ്വവ്യാപിയായ ഒരു യജമാനൻ എല്ലാം അറിയുമെന്നും അവൻ മറുപടി പറഞ്ഞു.

അമ്നോൻ എന്ന ഈ ബാലന്റെ മറുപടിയിൽ അതിശയം പൂണ്ട കച്ചവടക്കാർ അവനോടൊപ്പം യജമാനനെ കാണുവാൻ തീരുമാനിച്ചു. എന്നാൽ ഇതൊന്നും ശ്രദ്ധിക്കാതെ ജോലിയിൽ വ്യാപൃതനായ ബാലൻ വേഗം തന്റെ ആടുകളുമായി വീട്ടിലെത്തി അവയ്ക്ക് തീറ്റയും വെള്ളവും നൽകി കൃത്യമായ എണ്ണം ബോദ്ധ്യ പ്പെട്ട് ആലയിലടച്ചു.

ഈ സമയം അവനെ അനുഗമിച്ച കച്ചവടക്കാർ വീട്ടിലെത്തി, യജമാന നോട് അവനെപറ്റി സംസാരിക്കുന്നത് അവൻ അറിഞ്ഞിരുന്നില്ല. അമ്നോൻ എന്ന നിങ്ങളുടെ അടിമയെ ഞങ്ങൾക്ക് തന്നാൻ ആവശ്യപ്പെടുന്ന വില തരാ മെന്ന് അവർ യജമാനനോട് പറഞ്ഞു. ചോദിച്ചവില നൽകി ബാലനെ വാങ്ങി എങ്കിലും, ഈ നല്ല കച്ചവടക്കാർ അവനെ വീണ്ടും ഒരു അടിമയായി കാണുവാൻ ആഗ്രഹിച്ചില്ല. അതിനാൽ അവർ അവനെ സ്വതന്ത്രനാക്കുകയും, ജീവിക്കുവാ നുള്ള ക്രമീകരണങ്ങൾ ഒരുക്കികൊടുക്കുകയും ചെയ്തു. ഈ വിവരം അറിഞ്ഞ അവന്റെ യജമാനൻ മറ്റുള്ള അടിമകളെയും സ്വതന്ത്രരാക്കി. ഒരുവന്റെ വിശ്വ സ്തത മറ്റുള്ളവർക്കും അനുഗ്രഹത്തിന് മുഖാന്തിരമായി.

പ്രീയകുഞ്ഞുങ്ങളെ! വചനം നമ്മെ പഠിപ്പിക്കുന്നത് ‘ നിഷ്കളങ്കന്റെ നീതി അവന്റെ വഴിയെ ചൊവ്വാക്കുന്നു. (സദൃ 11:5) എന്നത്രെ’. ബാല്യത്തിലെ ക്രിയക ളാൽ തന്നെ ഒരുവന്റെ പ്രവർത്തി വെടിപ്പും നേരുമുള്ളതാകുമോ എന്നറിയാം (സദൃ 20:11). വിശ്വസ്തതയോടെ തന്റെ ജോലി ചെയ്ത ഈ ബാലനെപ്പോലെ നിങ്ങളും ജീവിക്കുക. ദൈവാത്മാവിനെ ഒളിച്ച് എവിടെയും പോകുവാനോ, പ്രവർത്തിപ്പാനോ ആർക്കും കഴിയുകയില്ല. പാതാളത്തിൽ കിടക്കവിരിച്ചാലും, സമുദ്രത്തിന്റെ അടിയിലൊളിച്ചാലും നിന്റെ ദൈവം നിന്നെ കാണും എന്ന ചിന്തയോടെ ശൈശവകാലം മുതൽ ജീവിക്കുകയും, പ്രവർത്തിക്കുകയും ചെയ്താൽ ദൈവം നമ്മെ അനുഗ്രഹിക്കും.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyid